പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *361. | 16.03.2017 ന് മറുപടിയ്ക്ക്.

# വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. കെ.ഡി. പ്രസേനൻ :<br>ശ്രീ. ഐ.ബി. സതീഷ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

(a) കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത ഇല്ലാത്തതുമായ ട്രേഡുകൾ നിറുത്തലാക്കി കാലാനുസൃതവും തൊഴിൽ സാധ്യത ഏറിയതുമായ ട്രേഡുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു.

(b) തിരുവനന്തപുരം ജില്ലയിലെ ചാക്ക, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് എന്നീ ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരമുള്ളവയാക്കി മാറ്റുന്നതിന് 7,99,83,914 (ഏഴുകോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി എൺപത്തി മൂവായിരത്തി തൊള്ളായിരത്തി പതിനാല്) രൂപയുടെ ഭരണാനുമതി ലഭ്യമാക്കി.

(c) 10 ഐ.ടി.ഐകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിന് നടപടികൾ കൈക്കൊണ്ടു.

(d) ഐ.ടി.ഐ. കളെ KASE, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് എന്നിവയുമായി ബന്ധപ്പെടുത്തി പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാമിന് (PLEP) രൂപം നൽകി.

(e) പുതിയ 9 ഐ.ടി.ഐ.കൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചു.

(f) പോഷകാഹാര പദ്ധതിയും ഉച്ചഭക്ഷണ പദ്ധതിയും കൂടുതൽ മെച്ചപ്പെടുത്തി.

(g) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) മുഖേന 10 ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയ്ക്ക് രൂപം നൽകി.

(സി) സംസ്ഥാനത്തെ ഐ.ടി.ഐ.കൾ 'കിഫ്ബി' പദ്ധതിയിൽ ഉൾപ്പെടുത്തി അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ. കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (KIIFB) ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. കളാക്കി മാറ്റുന്നതിന് 228,92,31,600/- (ഇരുന്നൂറ്റി ഇരുപത്തെട്ടുകോടി തൊണ്ണൂറ്റിരണ്ടു ലക്ഷത്തി മുപ്പത്തൊന്നായിരത്തി അറുന്നൂറ്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ M/S. KASE നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പുതുതായി ആരംഭിച്ച ഐ.ടി.ഐ. കളിൽ പുതിയ ട്രേഡുകൾ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ ആരംഭിച്ച പുതിയ ഐ.ടി.ഐ. യിൽ ഡ്രാഫ്റ്റ്സ്മാൻ/സിവിൽ, മെക്കാനിക്കൽ അഗ്രിക്കൾച്ചർ മെഷീനറി എന്നീ ട്രേഡുകൾ അനുവദിച്ച് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ഐ.ടി.ഐ. കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് ലഭ്യമാക്കിയിട്ടുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ